File No.STY/1407/2018-F2

ഭരണഭാഷ - മലയാളം

സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം,
തിരുവനന്തപുരം - 695 033,
ഫോൺ 0471-2785900
ഫാക്സ്. 0471 2306874.
stationerycontroller@gmail.com
30/01/2021

സർക്കുലർ

വിഷയം : സ്റ്റേഷനറി വകുപ്പ് - എഫ് വിഭാഗം - വിലയടിസ്ഥാനത്തിൽ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച്

****

വിലയടിസ്ഥാനത്തിൽ സ്റ്റേഷനറി സാധനങ്ങൾ വിതരണം നടത്തുന്നത് സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. അക്കൗണ്ട്കോഡ് വോള്യം-1, 59 ബി എന്നീ ചട്ടങ്ങൾക്കനുസൃതമായി വേണം സ്റ്റേഷനറി സാധനങ്ങൾ വിലയടിസ്ഥാനത്തിൽ വിതരണം നടത്തേണ്ടത്.
2. വിലയടിസ്ഥാനത്തിൽ സ്റ്റേഷനറി സാധനങ്ങൾ വിതരണം നടത്തുന്നത് സംബന്ധിച്ച് അക്കൗണ്ട് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.
3. സ്റ്റേഷനറി സാധനങ്ങളുടെ വില മുൻകൂറായി വാങ്ങി വേണം സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യേണ്ടത്
4. പേമെന്റ് വൗച്ചറുകൾ ഓൺലൈൻ ആയി സ്വീകരിച്ച് ശേഷം അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഓഫീസിന് നൽകേണ്ടതാണ്.
5. ഓൺലൈൻ ആയി പേമെന്റ് വൗച്ചറുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഉടൻ ലഭ്യമാക്കുന്നതാണ്
6. സ്റ്റേഷനറി സാധനത്തിന്റെ / സാധനങ്ങളുടെ ആകെ വില ഉൾപ്പെടുത്തി ആയിരിക്കണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.
7. ഇതുവരെ ലഭിച്ച വിലവിവര പട്ടിക അനുബന്ധ വിവരങ്ങൾ സഹിതം ഇതിനൊപ്പം ഉള്ളടക്കം ചെയ്യുന്നു. സമഗ്രമായ പട്ടിക പിന്നീട് ഇവിടെ നിന്നും പ്രസിദ്ധീകരിക്കുന്നതാണ്.
8. ഇൻവോയിസ് തയ്യാറാക്കുന്ന അതേ മാതൃകയിൽ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. തലക്കെട്ടിൽ എസ്റ്റിമേറ്റ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. (മാതൃക ഉള്ളടക്കം ചെയ്യുന്നു).
9. GST രജിസ്ട്രേഷൻ ഇല്ലാത്ത ഓഫീസുകൾക്ക് 1% പ്രളയ നികുതി കൂടി ഈടാക്കേണ്ടതാണ്.
10. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെട്ട സ്റ്റേഷനറി സാധനം /സാധനങ്ങൾ ലഭിക്കുവാൻ എസ്റ്റിമേറ്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ തുക അടച്ച് രശീത് ഹാജരാക്കുവാൻ പ്രസ്തുത സ്ഥാപനത്തിനും സ്റ്റേഷനറി സാധനങ്ങൾ അത്രയും ദിവസം റിസർവ്വിൽ

വയ്ക്കാൻ സ്റ്റോർകീപ്പർക്കും നിർദ്ദേശം നൽകേണ്ടതുമാണ്.

11. എസ്റ്റിമേറ്റ് പ്രകാരം തുക മുൻകൂറായി അടച്ച രശീത് ഹാജരാക്കുന്ന ഓഫീസുകൾക്ക് അക്കൗണ്ടിൽ പണം ലഭിച്ച എന്നുറപ്പാക്കിയ ശേഷം സ്റ്റേഷനറി സാധനങ്ങളും GST ഇൻവോയ്സ് അസ്സൽ തയ്യാറാക്കി നൽകേണ്ടതുമാണ് (മാതൃക ഉള്ളടക്കം ചെയ്യുന്നു).
12. GST ഫയലിംഗ്, പേമെന്റ് വെരിഫിക്കേഷൻ എന്നിവ സംബന്ധിച്ച് വിശദമായ സർക്കുലർ പ്രത്യാകം പുറപ്പെട്ടുവിക്കുന്നതാണ്.
13. ഇൻവോയിസിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി സ്റ്റേഷനറി കൺട്രോളർക്ക് GST ഫയലിംഗിനായി അയച്ചുതരേണ്ടതാണ്.

സ്റ്റേഷനറി കൺട്രോളറുടെ ബാങ്ക് അക്കൗണ്ട് നമ്പർ

STATE BANK OF INDIA
VIKASBHAVAN BRANCH
IFSC SBIN 0070415
A/c.No.000037494823891

സ്റ്റേഷനറി വകുപ്പിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ
State Code :32
GSTIN: 32AAAGS2361 D1ZR

Signature valid
Digitally signed by S JAYALEKSHMI
CONTROLLER OF STATIONERY
Date: [illegible] IST
Reason: Approved

സ്വീകർത്താവ്

സ്റ്റേഷനറി വകുപ്പ് മേഖലാ ജില്ലാ ഓഫീസ് മേധാവികൾ
സെക്രട്ടേറിയറ്റ് സ്റ്റേഷനറി ഓഫീസർ
അക്കൗണ്ട്സ് വിഭാഗം മേധാവി
എംസെൽ വിഭാഗം മേധാവി
ഐടി സെൽ വിഭാഗം മേധാവി

പകർപ്പ് :

1. സ്റ്റേഷനറി കൺട്രോളറുടെ സി എ / സ്റ്റോക്ക് ഫയൽ
2. സ്റ്റേഷനറി വകുപ്പ് ഔദ്യോഗിക വെബ്സൈറ്റ്

ESTIMATE

Stationery Department

Office of the Controller of Stationery, PMG Junction
Thiruvananthapuram, Kerala – 695033
stationerycontroller@gmail.com

Invoice No: 00/00/STY
Invoice Date: 00/00/00
Reference

Details of Receiver (Billed to)

XXXXXXXX
XXXXXXXX

S.No	Description of Goods	HSN Code	Qty	unit	Rate	Total	Discount	Taxable value	CGST		SGST		Kerala Flood Cess	
									Rate	Amount	Rate	Amount	Rate	Amount
1														
2														
							0.00	0.00		0.00		0.00		0.00
Invoice Total														0.00
														0.00
Rupees three lakh seventy four thousand six hundred and sixty three only														

Deputy Controller of Stationery (Stores)